നമ്പർ എസ്.എസ്.1/28/8/ഡി.പി.ഐ. പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി 28.08.2018

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ജില്ലാ പ്രോജക്ട് ആഫീസർമാർക്കും

സർ,

വിഷയം; പൊ.വി.-പ്രളയ ബാധിക മേഖലകളിൽ സ്കൂൾ തുറക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ-സംബന്ധിച്ച്.

ഓണാവധി കഴിഞ്ഞ് ഈ മാസം 29-ന് സ്കൂൾ തുറക്കുകയാണല്ലോ? നാം ഇതുവരെ അനുഭവിച്ചറിയാത്ത പ്രളയ ദുരന്തമാണ് ഇക്കുറി കേരളം നേരിട്ടത്. അതുകൊണ്ട് തന്നെ പ്രളയബാധിത മേഖലകളിലെ വിദ്യാലയങ്ങൾ വീണ്ടും തുറക്കുമ്പോൾ നാം ഒട്ടേറെ മുൻകരുതലുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ദുരന്തം നേരിട്ടും ദൃശ്യമാധ്യമങ്ങളിലൂടെ കണ്ടറിഞ്ഞും വിഹ്വലമായ മനസ്സോടെയായിരിക്കും ബഹുഭൂരിപക്ഷം കുട്ടികളും സ്കൂളിലെത്തുക. ജീവിതം ഇനി എങ്ങനെ മുന്നോട്ടുപോകും എന്ന ആശങ്ക അവരിൽ പലർക്കുമുണ്ടാകാം. സ്വന്തം വീടുകൾ തകർന്നും ഉറ്റവർ ഇല്ലാതായും വളർത്തുമൃഗങ്ങൾ അടക്കം പ്രിയപ്പെട്ടതെല്ലാം നഷ്ടപ്പെട്ടും ആഘാതമേറ്റ മനസ്സുമായി വരുന്നവരാവും അവരിൽ പലരും. അവർക്ക് സന്തോഷവും ആശ്വാസവും ആത്മവിശ്വാസവും പകരുന്നതിലാവണം ആദ്യ ദിവസങ്ങളിൽ നമ്മുടെ ശ്രദ്ധ. മധുരം നൽകിയും ഒത്തൊരുമിച്ച് പാട്ടുകൾ പാടിയും സ്നേഹപൂർവ്വം സാന്ത്വനിപ്പിച്ചും അവരുടെ മനസ്സിനെ ദീപ്തമാക്കാൻ നമുക്കാകണം. അതോടൊപ്പം ആരോഗ്യ-ശുചിത്വ-സുരക്ഷിതത്വ വിഷയങ്ങളിലും അതീവ ജാഗ്രത വേണം. അതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം പാലിക്കേണ്ടതാണ്.

1. പ്രളയ ബാധിത പ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ ആഗസ്റ്റ് 29, 30 തീയതികളിൽ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളുടെ മാനസികോല്ലാസവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കണമെന്ന് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്.
2. എല്ലാ സ്കൂളുകളിലും പി.ടി.എ. കമ്മിറ്റി കഴിയുന്നതും 29-ന് തന്നെ യോഗം ചേർന്ന് പരിസര ശുചിത്വവും കുട്ടികളുടെ ആരോഗ്യവും ഉറപ്പു

വരുത്തുന്നതിനും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും സ്കൂളുകളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരും ഹെഡ്മാസ്റ്റർമാരും ഈ അവസരത്തിൽ ഒരേ മനസ്സോടെ ഒരുമയോടെ മാതൃകാപരമായി പ്രവർത്തിക്കണം.

3. ആദ്യ ദിവസം തന്നെ സ്കൂൾ അസംബ്ലി വിളിച്ചു ചേർത്ത് കുട്ടികൾക്ക് ആത്മവിശ്വാസം പകരുന്ന വിധത്തിലുള്ള സന്ദേശം നൽകണം. ഇതു സംബന്ധിച്ച് നമ്മുടെ പൊതു വിദ്യാഭ്യാസവകുപ്പു മന്ത്രി നൽകിയ സന്ദേശം അസംബ്ലിയിൽ വായിക്കേണ്ടതാണ്. (ഈ സന്ദേശം വാട്സ് ആപ്പ് മുഖേനയും ഈ-മെയിൽ വഴിയും ലഭ്യമാകും. എ.ഇ..ഒ. മാരും ഡി.ഇ.ഒ. മാരും ഡി.ഡി.ഇ. മാരും ഇതര വിഭാഗങ്ങളുടെ ജില്ലാ/മേഖലാതലത്തിലുള്ള മേലുദ്യോഗസ്ഥൻമാരും തങ്ങളുടെ പരിധിയിലുള്ള പ്രഥമ അധ്യാപകരുമായി ബന്ധപ്പെട്ട് ഇക്കാര്യം ഉറപ്പുവരുത്തണം.)

4. സ്കൂൾ കിണറിലെ വെള്ളം ആരോഗ്യവകുപ്പ് അധികൃതരുടെ നിർദ്ദേശപ്രകാരം ജലശുദ്ധീകരണത്തിനുള്ള ബ്ലീച്ചിംഗ് പൗഡറിട്ട് അണുവിമുക്തമാക്കേണ്ടതാണ്.

5. സ്കൂൾ ജലസംഭരണികൾ വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്. കുടിവെള്ള വിതരണ പൈപ്പുലൈനുകൾ മലിനജലവുമായി സമ്പർക്കമുണ്ടാവുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

6. തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാൻ ഉപയോഗിക്കാവു. ഓർക്കുക, പകർച്ച വ്യാധികളുടെ മുഖ്യ സ്ത്രോതസ്സുകളിലൊന്നാണ് നാം കുടിക്കുന്ന വെള്ളം.

7. പാചകത്തിനും ആഹാരം കഴിക്കാനും ഉപയോഗിക്കുന്ന പാത്രങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തേണ്ടതാണ്. മാലിന്യം കലർന്ന വെള്ളത്തിലാവും അവ കഴുകി വച്ചിരിക്കുക. അതുകൊണ്ട് തിളച്ച വെള്ളത്തിൽ മുക്കി വച്ച് അണുവിമുക്തമാക്കിയശേഷമേ അവ ഉപയോഗിക്കാവു. കുട്ടികൾക്കും ഇക്കാര്യത്തിൽ നിർദ്ദേശം നൽകുക.

8. ഓട് മേഞ്ഞ കെട്ടിടങ്ങളുടെ കഴുക്കോലിലും പട്ടികയിലും ഓടുകൾക്കിടയിലും തകർന്നു വീണ മതിലുകളുടെയും കെട്ടിടങ്ങളുടെയും കല്ലുകൾക്കിടയിലും ബഞ്ചുകളുടെയും ഡസ്കുകളുടെയും ഇടയിലും ഇഴജന്തുക്കൾ ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആരോഗ്യവകുപ്പ് അധികൃതരുമായി ആലോചിച്ച് ഇക്കാര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

9. സ്കൂൾ മുറ്റത്ത് വൻതോതിൽ ചെളി അടിഞ്ഞുകൂടിയിട്ടുണ്ടെങ്കിൽ അത് വെയിലേറ്റ് ഉണങ്ങി പൊടിയായി പറക്കാൻ സാധ്യതയുണ്ടെന്നു കണ്ടാൽ

ആരോഗ്യവകുപ്പ് അധികൃതരുമായി ആലോചിച്ച് ആവശ്യമായ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

10. ടോയിലറ്റുകളുടെ ശുചിത്വം എല്ലാ ദിവസവും ഉറപ്പുവരുത്തേണ്ടതാണ്.

11. സ്കൂൾ മതിലുകൾക്ക് വെള്ളം കയറി ബലക്ഷയം ഉണ്ടാവാൻ സാധ്യതയുള്ളതിനാൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കുട്ടികൾ അത്തരം മതിലുകൾ ചാടിക്കയറാനോ മതിലുകളോട് ചേർന്ന് കളിക്കാനോ അനുവദിക്കരുത്.

12. വെള്ളം കയറി ഉപയോഗശൂന്യമായ അരിയും പയറും മറ്റും ഫംഗസ് ബാധയുള്ളതിനാൽ ഉണക്കിയെടുത്ത് ഉപയോഗിക്കരുത്. അവ ഉടൻതന്നെ നശിപ്പിക്കണം

13.പ്രളയബാധക്കിരയായ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം എൽ.എസ്.ജി.ഡി. എഞ്ചിനീയർമാരെക്കൊണ്ട് പരിശോധിപ്പിച്ച് ഉറപ്പ് വരുത്തണം.

14. വെള്ളപ്പൊക്കത്തിൽ അടിഞ്ഞുകൂടിയ ചെളി, മാലിന്യങ്ങൾ, ജീവികളുടെ അവശിഷ്ടങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതാണ്. വെള്ളപ്പൊക്കത്തിൽ അടിഞ്ഞുകൂടിയ ദുർഗന്ധം വമിക്കുന്ന ചെളി പിന്നെ വെയിലേറ്റ് ഉണങ്ങി അന്തരീക്ഷ വായുവിനെ മലിനപ്പെടുത്താൻ സാധ്യതയുള്ളതിനാൽ ഇപ്പോഴെ സുരക്ഷിതമായ ഏതെങ്കിലും ഭാഗത്ത് കുഴിയെടുത്ത് മൂടുന്നത് നല്ലതായിരിക്കും.

15. പല സ്കൂളുകളിലും വെള്ളപ്പൊക്കത്തിൽ നശിച്ച ലൈബ്രറി പുസ്തകങ്ങൾ വാരിക്കൂട്ടി ഇട്ടിരിക്കുന്നതായി കണ്ടു. കുട്ടികളെ ഉപയോഗിച്ച് ഇവ വെയിലത്ത് ഉണങ്ങാൻ വയ്പിക്കുകയോ അടുക്കി വെയ്പ്പിക്കുകയോ ചെയ്യരുത്. മാരകമായ അണുക്കളുടെ സ്ത്രോതസ്സായിരിക്കും നനവാർന്ന ഈ പുസ്തകങ്ങൾ. ഉപയോഗ യോഗ്യമല്ലെങ്കിൽ അവ നശിപ്പിച്ചേക്കുക. അപകടസാധ്യതയുള്ളതോ രോഗബാധയുണ്ടാവാനിടയുള്ളതോ ആയ യാതൊരു പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുകയോ അവരുടെ സേവനം നിർബന്ധിക്കുകയോ ചെയ്യരുത്.

16. പ്രളയബാധയിൽ നാശം നേരിട്ട സ്കൂൾ ലാബുകളിലെ രാസവസ്തുക്കളും മറ്റും അപകടകരമായ നിലയിൽ അല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

17. പാഠപുസ്തകങ്ങൾ, യൂണിഫോം എന്നിവ നഷ്ടപ്പെട്ട കുട്ടികൾ നേരത്തെ നിർദ്ദേശിച്ച പ്രകാരം ഈ മാസം 31-ന് മുമ്പ് സ്കൂളിൽ വിവരം റിപ്പോർട്ട് ചെയ്യണം. 29-ന് തുറക്കാൻ കഴിയാത്ത സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് അതാത് സ്കൂൾ തുറന്ന് മൂന്ന് ദിവസത്തിനകം റിപ്പോർട്ട് ചെയ്താൽ മതിയാകും.

18. നോട്ട് ബുക്കുകൾ, ഇൻസ്ട്രുമെന്റ് ബോക്സ്, സ്കൂൾ ബാഗ്, ഷൂസ് എന്നിവ നഷ്ടപ്പെട്ട കുട്ടികൾക്ക് പ്രാദേശിക തലത്തിലോ ജില്ലാതലത്തിലോ ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സ്പോൺസർഷിപ്പിലൂടെ അവ ലഭ്യമാക്കാൻ ഡി.ഡി., ഡി.ഇ.ഒ,, എ.ഇ.ഒ., ഡി.പി.ഒ. തുടങ്ങിയ വിവിധ മേഖലകളിലെ ഉദ്യോഗസ്ഥൻമാർ ശ്രമിക്കേണ്ടതാണ്.

19. വിദ്യാഭ്യാസ വകുപ്പ് സ്പോൺസർഷിപ്പിലൂടെ സമാഹരിച്ച് ജില്ലയിൽ എത്തിക്കുന്ന നോട്ട് ബുക്കുകൾ, ഷൂസ് മറ്റ് പഠനോപകരണങ്ങൾ എന്നിവ പ്രളയ ബാധിത പ്രദേശങ്ങളിലെ എല്ലാ വിദ്യാലയങ്ങളിലും ആവശ്യക്കാരായ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാൻ ഡി.ഡി.മാർ, ഡി.ഇ.ഒ. മാർ, എ.ഇ.ഒ.മാർ തുടങ്ങിയവർ നടപടി സ്വീകരിക്കേണ്ടതാണ്.

20 മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. വാട്സ് ആപ്പ് ഗ്രൂപ്പുകൾ, ഫെയ്സ്ബുക്ക് ഉൾപ്പെടെയുള്ള സാമൂഹ്യമാധ്യമങ്ങൾ വഴി ഈ നിർദ്ദേശങ്ങൾക്ക് പരമാവധി പ്രചാരണം നൽകേണ്ടതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും പരിപൂർണ്ണ സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

കെ.വി.മോഹൻകുമാർ, ഐ.എ.എസ്,
പൊതുവിദ്യാഭ്യാസ ഡയറക്ടർ
&
സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്